**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - ഹൈടെക് സ്കൂൾ പ്രോജക്ട് - പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്കും ഓഫീസുകൾക്കും ആവശ്യമായ ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള പരമാവധി വില പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്**

**സ.ഉ.(സാധാ)നം.2278/2019/പൊ.വി.വ.** തിരുവനന്തപുരം,തീയതി, 12.06.2019

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 2777/2016/പൊ.വി.വ തീയതി 26.08.2016
2. സ.ഉ.(സാധാ) നം. 97/2018/പൊ.വി.വ തീയതി 06.01.2018
3. സ.ഉ.(സാധാ) നം. 1888/2018/പൊ.വി.വ തീയതി 23.05.2018
4. 10.12.2018 ലെ CPMU-1/156/2018-PLGEA നം. സർക്കുലർ
5. കൈറ്റ് വൈസ്-ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.01.2019 ലെ കൈറ്റ്/2019/1515 (3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സ്കൂളുകൾക്കും സ്ഥാപനങ്ങൾക്കും ഐ.സി.ടി. ഹാർഡ് വെയർ ഉപകരണങ്ങൾ വിവധ സർക്കാർ ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങുന്നതിന് മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ നിഷ്കർഷിച്ചുകൊണ്ട് മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (3) ലെ സർക്കാർ ഉത്തരവ് പ്രകാരം എം.പി.മാരുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ഒഴിവാക്കിയിരുന്നുവെങ്കിലും പരാമർശം (4) ലെ സർക്കുലർ പ്രകാരം എം.പി.എൽ.എ.ഡി. സ്കീമുകളിലും പരാമർശം (2) ലെ മാനദണ്ഡങ്ങൾ പുന:സ്ഥാപിച്ചിരുന്നു.

കൈറ്റ് ഹൈടെക് സ്കൂൾ പദ്ധതിയ്ക്കായി ദേശീയ ടെണ്ടർ വിളിച്ചിരുന്ന സമയത്തുണ്ടായ ഡോളർ വിലയ്ക്ക് തുല്യമായ ഇന്ത്യൻ രൂപയുടെ നിരക്കിൽ നിന്നും ഇപ്പോൾ 13.8% വർദ്ധനയുണ്ടായ പശ്ചാത്തലത്തിൽ ലാപ് ടോപ്പുകൾ നിലവിലുള്ള നിരക്കിൽ വിതരണം ചെയ്യാൻ കഴിയില്ലെന്നും ആയതിനാൽ നിരക്ക് കൂട്ടണമെന്നുമുള്ള കെൽട്രോണിന്റെ ശുപാർശ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകൃതമായ സാങ്കേതിക സമിതി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ലാപ് ടോപ്പുകൾക്ക് 8% വില വർദ്ധനവ് (31000/- രൂപയിൽനിന്നും 33500/-) അനുവദിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തതനുസരിച്ച് പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭാഗികമായി ഭേദഗതി ചെയ്യണമെന്ന് പരാമർശം (5) പ്രകാരം കൈറ്റ് വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്കൂളുകളിലും ഓഫീസുകളിലും സർക്കാർ എം.പി/എം.എൽ.എ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ഫണ്ടുപയോഗിച്ചുള്ള ഐ.സി.ടി.ഹാർഡ് വെയർ വാങ്ങലുകൾക്ക് പരാർശം (2) ലെ സർക്കാർ ഉത്തരവിൽ

അനുബന്ധം ആയി നൽകിയ ലാപ് ടോപ്പുകളുടെ പരമാവധി വില 31000/- രൂപയിൽ നിന്നും 33500/- രൂപ (മുപ്പത്തി മൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം) ആയി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു. ലാപ് ടോപ്പിന്റെ വില അല്ലാതെ മിനിമം സ്പെസിഫിക്കേഷൻ ഉൾപ്പെടെ പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ മറ്റ് ഇനങ്ങളുടെ വില വിവരങ്ങളും സ്പെസിഫിക്കേഷനുകളും പൊതുമാർഗ്ഗനിർദ്ദേശങ്ങളും യാതൊരു മാറ്റവുമില്ലാതെ തുടരുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**
**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൊക്കേഷണൽ ഹയർസെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം
സി.ഇ.ഒ., പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide Note No.E 1159594/NC-B3/2019/Fin dated 18.05.2019)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഐ & പിആർഡി,തിരുവനന്തപുരം (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.